# ക്വുർആനും
# യുക്തിവാദവും

ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി

# ക്വുർആനും യുക്തിവാദവും

**NICHE PUBLICATIONS**
P.B No: 832, Poothole, Thrissur - 4.

Malayalam | Study | Qur'anum Yukthivadavum
ക്വുർആനും യുക്തിവാദവും
Author: Cheriyamundam Abdulhameed Madani | Third Edition: July 2013
**Price: ₹. 15.00**

**Publishers | Distribution:**
Niche Publications | P.B. No:832 | Poothole | Thrissur-4 | Kerala | India
www.nicheoftruth.org | Email: dawa@nicheoftruth.org
Cover: Niche Graphics | Layout: Safeer Rahman
Printing: Ebenezer Printers, Thrissur

**ഈ** ലോകത്തിനൊരു സ്രഷ്ടാവുണ്ട് - ജീവൻ നൽകി വായുവും വെള്ളവും സൗകര്യപ്പെടുത്തി ഭൂമിയെ ജീവിതയോഗ്യമാക്കിയ പരമകാരുണികനായ സ്രഷ്ടാവ് - നാം ഇവിടെ എങ്ങനെ ജീവിക്കണമെന്നും ഈ ജീവിതത്തിന്റെ പരമലക്ഷ്യം എന്തെന്നും ദൂതന്മാർ മുഖേന സ്രഷ്ടാവ് നമ്മെ പഠിപ്പിച്ചു. നമ്മുടെ ജീവിതത്തിന്റെ കണക്ക് മരണശേഷം നാം സ്രഷ്ടാവിന്റെ മുമ്പിൽ ബോധിപ്പിക്കേണ്ടിവരും. അന്ന് പുണ്യം ചെയ്തവന് സ്വർഗവും പാപം ചെയ്തവന് നരകവും പ്രതിഫലം കിട്ടും. അതിനാൽ സ്രഷ്ടാവ് തന്റെ ദൂതരിലൂടെ നൽകിയ നിർദേശമനുസരിച്ച് ജീവിക്കുകയാണ് മനുഷ്യന്റെ രക്ഷാമാർഗം.

നമ്മുടെ ലോക സ്രഷ്ടാവ് നൽകിയ നിർദേശ സംഹിതയാണ് ക്വുർആൻ. മുഹമ്മദ് നബിﷺയിലൂടെ അവൻ ആ സന്ദേശം മനുഷ്യർക്കെത്തിച്ചുകൊടുത്തു. ഇതറിഞ്ഞവരും അറിയാത്തവരും നമുക്കിടയിൽ ഉണ്ട്. ലോകരെ മുഴുവൻ സ്രഷ്ടാവിന്റെ സന്ദേശമറിയിക്കൽ അതറിഞ്ഞവരുടെ ബാധ്യതയാണ്. അതിനായി രൂപീകൃതമായ ഒരു പ്രസ്ഥാനമാണ് ***നിച്ച് ഓഫ് ട്രൂത്ത്.***

അല്ലാഹുവേ, നിന്റെ സത്യമത സന്ദേശ പ്രചരണത്തിനു വേണ്ടിയുള്ള ഈ എളിയ ശ്രമം ഞങ്ങളിൽ നിന്ന് സ്വീകരിക്കേണമേ, ദുർബലമായ ഞങ്ങളുടെ കരങ്ങൾക്ക് നീ ശക്തി പകരേണമേ.... (ആമീൻ).

**മാനേജർ**

*പരമകാരുണികനും കരുണാനിധിയുമായ*
*അല്ലാഹുവിൻെറ നാമത്തിൽ*

ബുദ്ധിയുള്ള മനുഷ്യരെ ആകർഷിച്ചുകൊണ്ടിരിക്കുന്ന ഇസ്‌ലാം, എക്കാലവും വിമർശനങ്ങൾക്ക് വിധേമായിട്ടുണ്ട്. ലക്ഷക്കണക്കിന് വിമർശനഗ്രന്ഥങ്ങൾ ഇറങ്ങിയിട്ടുണ്ട്. പ്രശംസിക്കാനെന്ന ഭാവത്തിൽ ആരോപണങ്ങൾ തിരുകിവെച്ചവയും കൂട്ടത്തിലുണ്ട്.

വിമർശനങ്ങൾ അറിവില്ലായ്മയിൽ നിന്നോ അഹങ്കാരത്തിൽനിന്നോ ഉടലെടുക്കുന്നതാണ്. വിമർശകർ ഇത്രകാലം ജീവിച്ചുവന്ന സാഹചര്യം വിമർശനത്തിന് വഴിമരുന്നിടുകയും ആക്കംകൂട്ടുകയും ചെയ്യും. അറിവില്ലായ്മ തിരുത്തപ്പെടാൻ എളുപ്പമാണ്. പക്ഷേ, അഹങ്കാരത്തിൻെറ കൊടുമുടിയിൽ ഉറക്കം നടിക്കുന്നവരെ ഉണർത്താൻ ശ്രമിക്കുക വിഡ്ഢിത്തമാണ്.

ഇസ്‌ലാമിനെതിരെ വന്ന വിമർശനങ്ങളുടെയും ആരോപണങ്ങളുടെയും തൂക്കവും നിലവാരവുമെന്താണ് എന്ന് ചിന്തിക്കുക പ്രസക്തമാണ്. അറിവില്ലായ്മമൂലം ലോകത്ത് ഇന്നോളം പുറത്തുവന്ന വിമർശനങ്ങൾ രണ്ടിനത്തിൽ പെടുന്നു.

ഒന്ന്, ഇസ്‌ലാമിൻെറ അടിസ്ഥാനപ്രമാണങ്ങൾ അവയുടെ യഥാർഥമായ അർഥത്തിലും ആശയത്തിലും മനസ്സിലാകാത്തതുകൊണ്ട് അവ വിമർശിക്കപ്പെട്ടു. ഖുർആനി

ലെയോ നബിചര്യയിലെയോ വചനങ്ങളെയും സംഭവങ്ങളെയും നിയമങ്ങളെയും മുറിച്ചെടുത്തു പരിശോധിച്ചവരുണ്ട്. പശ്ചാത്തലം മനസ്സിലാക്കാത്തവരുണ്ട്. നിയമങ്ങൾക്ക് പിന്നിലെ തത്ത്വം അറിയാത്തവരുണ്ട്. സംഭവങ്ങളെയും നിയമങ്ങളെയും വചനങ്ങളെയും ബന്ധപ്പെടുത്തുന്നതിൽ പരാജയപ്പെട്ടവരുണ്ട്. ഇവർക്കൊക്കെയും ഇസ്ലാമിനെ മനസ്സിലാക്കുന്നതിൽ പിശക് പറ്റാം.

രണ്ട്, മുസ്ലിംകളിലുള്ള ഏത് സ്വഭാവവും നടപടിയും ഇസ്ലാംതന്നെയാണെന്ന് ധരിച്ച ചിലർ മുസ്ലിംകളിലെ പാകപ്പിഴവുകളെ മതത്തിൻെറതന്നെ പോരായ്മയായി ചിത്രീകരിച്ചു. തീർച്ചയായും ഏതൊരു 'ആദർശവും' ഉൾക്കൊള്ളുന്ന അനുയായികളിൽ പല തരക്കാരുണ്ട്. അത് പൂർണമായി പിന്തുടർന്നവർ, ഭാഗികമായി അംഗീകരിച്ചവർ, ഭൗതിക താൽപര്യത്തിന് വേണ്ടി ആദർശത്തിൻെറ വേഷമണിഞ്ഞവർ പലരുടെയും പല കർമങ്ങളും മതത്തിനെതിരാവാം. സമൂഹത്തിൻെറ പോരായ്മയെ ആദർശ ത്തിൻെറ ന്യൂനതയായി കാണുന്നത് വിവരക്കേടാണ്.

രണ്ടിൻെറ പേരിലും വിമർശനങ്ങൾ അസ്ഥാനത്താണ്. ഏതൊരാദർശത്തെയും അതിൻെറ യഥാർഥ അടിസ്ഥാന പ്രമാണങ്ങളിലൂടെ ആഴത്തിൽ പഠിക്കുകയാണ് ബുദ്ധിജീവികളുടെ കടമ. മുൻധാരണകൾ ഈ കടമ നിറവേറ്റുന്നതിന് തടസം നിൽക്കും. അതുകൊണ്ട് അഹങ്കാരവും മുൻധാരണയും മാറ്റിവെച്ച് നേർക്ക്നേരെയുള്ള ബുദ്ധിയുപയോഗിച്ച് ഇസ്ലാമിനെ മനസ്സിലാക്കുന്നവർക്കാണ് വിജയം.

അറിവില്ലായ്മ മൂലം ഇസ്ലാമിനെ വിമർശിക്കുകയോ

തെറ്റിദ്ധരിക്കുകയോ ചെയ്തവർക്ക് മുന്നിൽ ഈ കൊച്ചു പുസ്തകം സമർപ്പിക്കുന്നു.

കേരളത്തിലെ അറിയപ്പെട്ട എഴുത്തുകാരനും പ്രാസംഗികനും പണ്ഡിതനുമായ ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനിയുടെ ഒരു പ്രസംഗത്തിൻെറ പുസ്തക രൂപമാണിത്. വിശുദ്ധ ഖുർആനിനെതിരെ വിമർശന ശരങ്ങളെയ്തുവിട്ടുകൊണ്ട് രംഗത്തുവന്ന യുക്തിവാദികൾക്ക് ഹ്രസ്വമായ മറുപടി പറയുകയാണ് അബ്ദുൽ ഹമീദ് മദനി.

സത്യം മനസ്സിലാക്കി അതനുസരിച്ച് ജീവിക്കാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ.

നാഥാ, നിന്റെ സത്യ ദീനിന്റെ മാർഗ്ഗത്തിലുള്ള ഒരു എളിയ സേവനമായി നീ ഞങ്ങളിൽ നിന്നും ഇതു സ്വീകരിക്കേണമേ, പാകപ്പിഴവുകൾ പൊറുത്തു തരേണമേ. ഇതു വായിക്കുന്നവർക്കും പ്രചരിപ്പിക്കുന്നവർക്കും നന്മയുടെ കവാടങ്ങൾ നീ തുറന്നു കൊടുക്കേണമേ....

വിശുദ്ധ ക്വുർആൻ ഇന്ന് കേരളക്കരയിൽ ഏറ്റവും ചുരുങ്ങിയ വിലക്ക് വാങ്ങാൻ ലഭിക്കുന്ന ഗ്രന്ഥം. മനുഷ്യരാശിക്ക് ലഭിച്ച ഏറ്റവും അമൂല്യനിധിയായി മുസ് ലിംകൾ ഗണിക്കുന്ന ഗ്രന്ഥം. പതിനാല് നൂറ്റാണ്ടുകളായി ഇസ്‌ലാംവിരുദ്ധരുടെ വെല്ലുവിളികൾക്ക് മുമ്പിൽ അജയ്യമായി നിലനിൽക്കുന്ന ഗ്രന്ഥം. യുക്തിവാദത്തിൻെറ കുന്തമുന ആദ്യമായിട്ടല്ല അതിൻെറ നേർക്ക് തിരിയുന്നത്. ലോകത്തിന്റെ ഇതര ഭാഗങ്ങളിലെന്നപോലെ, വിശുദ്ധ ക്വുർആനിന്റെ വിമർശകർ അതിന്റെ വലിയ വക്താക്കളായി മാറിയ ചരിത്രംതന്നെയാണ് കേരളക്കരയിലുള്ളത്. പക്ഷേ, മുസ്‌ലിംകളിൽ ഒരു വിഭാഗം വിശുദ്ധ ക്വുർആനിനെ വേണ്ടതുപോലെ വിലയിരുത്താത്തവരായി ഇന്നുമുണ്ട്. ആരുടെയെങ്കിലും ജൽപനങ്ങൾ കേട്ട് വിശുദ്ധ ക്വുർആനിനെപ്പറ്റി വികലമായ ധാരണ വെച്ചു പുലർത്തുന്നവരെയും വിരളമായെങ്കിലും കാണാം.

വിശുദ്ധ ക്വുർആനിനെ നാം എങ്ങനെയാണ് വിലയിരുത്തേണ്ടത്? ലോകചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയിട്ടുള്ള മറ്റ്ഗ്രന്ഥങ്ങളുമായി ഒരു താരതമ്യപഠനം നടത്തുകയാണ് ഒരു മാർഗം. അതിന്റെ ഭാഷാപരമായ സവിശേഷതകളും സാഹിത്യമേന്മയും പരിശോധനാവിധേയമാക്കുകയാണ് മറ്റൊരു മാർഗം. അതിന്റെ ഉള്ളടക്കത്തിന്റെ വിശ്വാസ്യതയും പ്രായോഗികതയുമാണ് വിലയിരുത്തപ്പെ

ടേണ്ട മറ്റ് ഘടകങ്ങൾ.

ഇന്ത്യൻ, ചൈനീസ്, പേർഷ്യർ, ഈജിപ്ഷ്യൻ, ഹീബ്രു തുടങ്ങിയ ഭാഷകളിലുള്ള മതഗ്രന്ഥങ്ങൾ മനുഷ്യരാശിയുടെ മുമ്പിലുണ്ട്. കവിതകളും കഥകളും മറ്റും ഉൾപ്പെടുന്ന ലോക ക്ലാസിക്കുകൾ വേറെയുമുണ്ട്. മാനവതയെ മുഴുക്കെ, മുഴുജീവി തരംഗങ്ങളിലും വിശ്വാസകർമങ്ങളുടെ അവക്രമായ പാതയിലൂടെ മുന്നോട്ട് നയിക്കാൻ മതിയായ മാർഗദർശകരേഖ എന്നവ കാശപ്പെടാൻ അവയിൽ ഏത് ഗ്രന്ഥത്തിന് കഴിയും? അറബി ഭാഷയിൽ ഗ്രന്ഥരൂപത്തിലല്ലെങ്കിലും വിശുദ്ധ ക്വുർആനിന് മുമ്പ് സാഹിത്യ കൃതികളുണ്ടായിട്ടുണ്ട്. ഹമുറബി ചക്രവർത്തിയുടെ ശാസനങ്ങൾ മുതൽ മുഅല്ലഖാത് എന്ന് വിളിക്കപ്പെടുന്ന കാവ്യങ്ങൾ വരെ. ഗദ്യപദ്യരൂപത്തിലുള്ള സാഹിത്യങ്ങൾ വിശുദ്ധ ക്വുർആനിന് ശേഷവുമുണ്ടായിട്ടുണ്ട്. ഭുവനപ്രശസ്തമായ അറേബ്യൻ ക്ലാസിക്കുകൾ. ജരീർ മുതൽ ജിബ്രാൻ വരെയുള്ളവരുടെ പദ്യരചനകളും ജാഹിള് മുതൽ ത്വാഹാ ഹുസൈൻവരെയുള്ളവരുടെ ഗദ്യകൃതികളും അറബി സാഹിത്യത്തിലെ അമൂല്യ രത്നങ്ങളത്രെ.

വിശുദ്ധ ക്വുർആനിന്റെ ഭാഷാസാഹിത്യ മൂല്യത്തെ തള്ളിപ്പറയാൻ അന്നും ഇന്നും ആളുകളുണ്ടായിട്ടുണ്ട്. ഗ്രീക്കോ റോമൻ സാഹിത്യങ്ങളെയും, ഈജിപ്ഷ്യൻ, പേർഷ്യർ നാഗരികതകളെയും വാനോളം പുകഴ്ത്തി പറയുന്നവരും വിരളമല്ല. എന്നാൽ, അറബിഭാഷയുടെ ഭാഗധേയവും ലോകനാഗരികതകളുടെ ഗതിവിഗതികളും നിർണയിക്കുന്നതിൽ വിശുദ്ധ ക്വുർആനിനെപോലെ പങ്കുവഹിച്ച യാതൊരു ഗ്രന്ഥവും വേറെയുണ്ടായിട്ടില്ല.

ഭാഷാശാസ്ത്രപരമായി വീക്ഷിക്കുന്നതിൽ വിശുദ്ധ ക്വുർ ആനിന്റെ ഭാഷതന്നെയാണ് ആധുനിക അറബി ഭാഷയും. ഏതാനും നൂതന സാങ്കേതികപദങ്ങൾ രൂപം കൊണ്ടു എന്നതൊഴിച്ചാൽ ആയിരത്തിനാനൂറ് വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്ന അറബി ഭാഷക്ക് ഇന്നും യാതൊരു മാറ്റ വും നേരിട്ടിട്ടില്ല. അതോടൊപ്പം സമകാലീന ലോക ത്തിന്റെ ആശയാവിഷ്ക്ക രണത്തിന് ഉപയുക്തമായ ഒരു ജീവൽഭാഷ എന്ന നിലയിൽ അതിന് അപര്യാപ്തതക ളൊന്നുമില്ലതാനും.

ആയിരത്തിനാനൂറ് വർഷംമുമ്പത്തെ ഹിജാസിലെ വര മൊഴിയിൽ ഒരു ഗ്രന്ഥം അവതരിക്കുന്നു. അറബിഭാഷക്ക് അന്ന് പ്രാദേശികമായ പല മൊഴികളുമുണ്ടായിരുന്നു. എ ന്നാൽ അവിടന്നിങ്ങോട്ട് അറബിഭാഷക്ക് ഒരൊറ്റ അംഗീ കൃത മൊഴിയേ ഉണ്ടായിരുന്നുള്ളൂ. ആ ഗ്രന്ഥം ആ മൊ ഴിക്ക് ശാശ്വതീകത്വം നേടിക്കൊടുത്തു. വിശുദ്ധ ക്വുർആ നിനോടൊപ്പം അതിന്റെ ഭാഷയും നിത്യയൗവ്വനം പ്രാ പിച്ചു. ഈ ആശയം കൂടുതൽ സ്പഷ്ടമാവാൻ ചില താരതമ്യങ്ങൾ ആവശ്യമാണ്. അതെ, മറ്റ് ക്ലാസിക്കുകളെ വഴിയിൽ വിട്ടുകൊണ്ട് അവയുടെ ഭാഷ വഴി മാറി മുന്നോട്ട് നീങ്ങിയ ചരിത്രവുമായുള്ള താരതമ്യം. ഹോമറുടെ 'ഇലിയഡും ഒഡീസ്സി'യും (Illiad & Odyssey) എഴുതിയ യവന ഭാഷാശൈലി, സൊറോസ്റ്ററുടെ സെന്തവസ്ത യുടെ പേർഷ്യൻ ശൈലി, തിരുക്കുറൾ കുറിക്കപ്പെട്ട തമിഴ്ശൈലി, മഹാഭാരതമെഴുതപ്പെട്ട സംസ്കൃത ശൈലി, ഷേക്സ്പിയറുടെ ഇംഗ്ലീഷ് ശൈലി ഇവയൊന്നും ഇന്ന് ജീവൽ ഭാഷാ ശൈലികളല്ലെന്ന വസ്തുത വിലയിരുത്തു മ്പോൾ വിശുദ്ധ ക്വുർആനിന്റെ അതുല്യത അംഗീകരിക്കാ

തെ നിവൃത്തിയില്ല.

വിശുദ്ധ ക്വുർആനിന്റേത് അറബിയിലെ ഒരു സവിശേഷ സാഹിത്യസങ്കേതമത്രെ. ഗദ്യത്തിനും പദ്യത്തിനും മധ്യേയുള്ള ഒരു സവിശേഷ ശൈലി. അനനുകരണീയമായ ആ സാഹിത്യ സങ്കേതമുപയോഗിച്ച് രചന നടത്താൻ അപൂർവം ചിലരെങ്കിലും ശ്രമിക്കാതിരുന്നിട്ടില്ല. പക്ഷേ, അതൊരു സാഹിത്യവിജയമാക്കി മാറ്റാൻ അവർക്ക് കഴിഞ്ഞില്ലെന്ന് മാത്രം. അതിന്റെ അധ്യായങ്ങളിൽ ഒന്നൊഴിച്ചെല്ലാം ഒരേ സൂക്തത്തിലാരംഭിക്കുന്നു. **"ബിസ്മില്ലാഹിർറഹ്മാനിർറഹീം"**. അതിന്റെ ആമുഖം അഥവാ 'ഫാത്തിഹ' നോക്കൂ. രചനയുടെ പശ്ചാത്തലമോ ഉള്ളടക്കത്തെപ്പറ്റിയുള്ള ചർച്ചയോ അതിലില്ല. പ്രത്യുത ഗൗരവപ്രാധാന്യമുള്ള ഒരു ഗ്രന്ഥം അവധാനതയോടെ പഠിക്കുവാൻ ആമുഖം മാർഗനിർദേശകവും പ്രചോദകവുമായിരിക്കുമെന്നതിൽ യാതൊരു സന്ദേഹവുമില്ല. വിശുദ്ധ ക്വുർആനിന്റെ ആമുഖത്തിന് ശേഷമുള്ള ആദ്യ അധ്യായം നോക്കൂ! കരുണാവാരിധിയായ ദൈവത്തിന്റെ നാമത്തിലാരംഭിക്കുന്ന ആ അധ്യായം തുടങ്ങുന്നതിങ്ങനെയാണ്. **'അലിഫ്-ലാം-മീം'.** അതത്രെ ഗ്രന്ഥം! അതിൽ സംശയമേ ഇല്ല. അലിഫും ലാമും മീമും അറബി അക്ഷരമാലയിലെ മൂന്നക്ഷരങ്ങളാണ്. ഭാഷയിൽ ഏറ്റവും കൂടുതൽ ആവർത്തിച്ചുവരുന്ന അക്ഷരങ്ങളിൽ ചിലത്. ഇത്തരം അക്ഷരങ്ങളുടെ സമുച്ചയം തന്നെയാണ് അറബിഭാഷയിലെ രചനകളെല്ലാം. എന്നാൽ, അവയിലൊന്നിന്റെയും രചയിതാവിന് സ്വന്തം അപ്രമാദിത്വത്തെപ്പറ്റി തറപ്പിച്ചുപറഞ്ഞുകൊണ്ട് രചനയാരംഭിക്കാൻ ധൈര്യമുണ്ടായിട്ടില്ല. എന്നാൽ വിശുദ്ധ ക്വുർആൻ

തുടക്കത്തിൽതന്നെ ഊന്നി പ്പറയുന്നു. **"അൽ കിതാബ്"** അഥവാ **'ലക്ഷണമൊത്ത ഗ്രന്ഥം'** അതാണെന്നും അതിൽ യാതൊരു സംശയവുമില്ലെന്നും. വിശുദ്ധ ക്വുർആൻ ലോകത്ത് വരുത്തിയ പരിവർത്തനവും സമ കാലീന നാഗരികതകളെയാകെ അതിന് അതിജയിക്കാൻ കഴിഞ്ഞതും ഈ അവകാശവാദത്തെ അന്വർഥമാക്കുന്നു. അറബിഭാഷയിലെ മറ്റ് ക്ലാസിക്കുകളിൽ ഏതിനാണ് യുഗങ്ങളെ അതിജീവിക്കുവാനും മനുഷ്യതലമുറകൾക്ക് അഭംഗുരം മാർഗദർശനം നൽകിക്കൊണ്ടിരിക്കുവാനും സാധിച്ചിട്ടുള്ളത്? ലോക ക്ലാസിക്കുകളിൽതന്നെ ഏതി നാണ് യുഗാന്തരങ്ങളിലെ ജനകോടികളുടെ വാക്, വിചാര, കർമങ്ങളുടെ ആധാരശിലയായി വർത്തിക്കുവാൻ അവസരം സിദ്ധിച്ചിട്ടുള്ളത്?

തുടർന്ന് വിശുദ്ധ ക്വുർആൻ പരാമർശിക്കുന്നത് അതി ന്റെ ഉള്ളടക്കത്തെപ്പറ്റിത്തന്നെയാണ്. "**ജീവിതത്തെ കാത്തുസൂക്ഷിക്കുന്നവർക്ക് അത് വഴികാട്ടിയാകുന്നു**". വിശുദ്ധ ക്വുർആനിനെതിരെ ഒളിയമ്പുകൾ തൊടുത്തുവി ടുന്ന യുക്തിവാദികൾ പോലും തീർത്തും നിഷേധിക്കാ ത്ത കാര്യമാണ് അതിലെ വിധിവിലക്കുകൾക്കനുരൂപമാ യി ജീവിതം ചിട്ടപ്പെടുത്തുന്ന യാതൊരാളും പിഴച്ചു പോവില്ല എന്നത്. വിശുദ്ധ ക്വുർആൻ പഴഞ്ചനാണ്, പിന്തി രിപ്പനാണ്, പുരോഗതിക്ക് വിഘാതമാണ് എന്നൊക്കെ മുറവിളി കൂട്ടുന്നവർ ഒരിക്കലും ഇവ്വിഷയകമായി ഒരു സൂക്ഷ്മ വിശകലനത്തിന് മുതിരാറില്ല. വിശുദ്ധ ക്വുർആ നിന്റെ വിധികൾ എടുത്തുനോക്കൂ! മനുഷ്യ വർഗത്തോട് ആകെ കരുണകാണിക്കണം, സമ്പാദിച്ച ധനത്തിൽ ന്യാ യമായ ചിലവ് കഴിച്ചിട്ടുള്ളത് വിഷമമനുഭവിക്കുന്നവർക്കി

ടയിൽ നിർദ്ദിഷ്ട രീതിയിൽ വിതരണം ചെയ്യണം. അനാഥ രെയും അഗതികളെയും സഹായിക്കണം, മാതാപിതാക്ക ളോട് തികച്ചും മാന്യമായി പെരുമാറണം, അവരുടെ വാർദ്ധക്യത്തിൽ അവർക്ക് താങ്ങും തണലുമായിരി ക്കണം, കുഞ്ഞുങ്ങളോട് കരുണയും വാൽസല്യവും കാ ണിക്കണം, സംസാരവും നടത്തവും സർവത്ര വിനയാ ന്വിതമായിരിക്കണം, അന്യരെപ്പറ്റി നല്ലത് മാത്രം വിചാരിക്കുകയും നല്ലത് മാത്രം പറയുകയും വേണം, വിവാഹജീവിതത്തിന്റെ വിശുദ്ധിയും അഖണ്ഡതയും കാത്തുസൂക്ഷിക്കണം, സ്ത്രീയും പുരുഷനും വാക്കിലും പെരുമാറ്റത്തിലും വേഷവിധാനത്തിലും സഭ്യതയുടെ സീമകളിലൊതുങ്ങി നിൽക്കണം. ഇത്തരം അനുശാസന ങ്ങളിൽ ഏതെങ്കിലും ഒന്ന് യുക്തിവിരുദ്ധമാണെന്നോ, പുരോഗതിക്ക് തടസ്സം സൃഷ്ടിക്കുന്നതാണെന്നോ, മനു ഷ്യ മഹത്വത്തിന് നിരക്കാത്തതാണെന്നോ നാളിതുവരെ ആരും ചൂണ്ടിക്കാട്ടിയിട്ടില്ല. മതം പുരോഗതിയുടെ ശത്രു വാണെന്ന് വിളിച്ചുകൂവുന്നവർ പോലും അവരുടെ ധാർമി കതയുടെ- Socialist Morality യുടെ ഭാഗമായി ഈ ആശ യങ്ങളിൽ മിക്കതിനും അംഗീകാരം നൽകുന്നു എന്നതാ ണ് അത്യന്തം വിചിത്രമായ വസ്തുത. ഒരേ അനുശാസനം തന്നെ സാക്ഷാൽ ദൈവത്തിന്റേതാണെങ്കിൽ പിന്തിരിപ്പൻ! സോഷ്യലിസ്റ്റ് ആചാര്യന്റേതാണെങ്കിൽ പുരോഗമനപരം! എത്രമാത്രം വിചിത്രം!

ഇനി വിശുദ്ധ ക്വുർആനിന്റെ വിലക്കുകൾ നോക്കൂ! അന്യായമായി ഒരു മനുഷ്യനെയും വധിക്കരുത്, അന്യായമായി ഒരു തുള്ളി രക്തംപോലും ചിന്തരുത്,

വ്യഭിചരിക്കരുത്, ചാരിത്രവതികളെപ്പറ്റി അപവാദം പറയരുത്, മോഷ്ടിക്കരുത്, മദ്യപിക്കരുത്, ചൂതാട്ടം നടത്തരുത്, ധൂർത്തടിക്കരുത്, അനാഥരുടെ ധനം അപഹരിക്കരുത്, അശരണരുടെ അവകാശങ്ങൾ ഹനിക്കരുത്, കള്ളം പറയരുത്, തെറി പറയരുത്, വഞ്ചിക്കരുത്, മായം ചേർക്കരുത്, ഏഷണിയും പരദൂഷണവും പാടില്ല, അസൂയയും വിദ്വേഷവും വെച്ചുപുലർത്തരുത്, അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കരുത്, പലിശ വാങ്ങരുത്, കൊടുക്കരുത്. ഇത്തരത്തിലുള്ളതാണ് വിശുദ്ധ ക്വുർആനിന്റെ ധാർമികമായ വിലക്കുകൾ. ഇതൊക്കെ മനുഷ്യന്റെ സ്വാതന്ത്ര്യത്തിനും പുരോഗതിക്കും വിശുദ്ധമായ അരുതുകൾ അഥവാ Taboos മാത്രമാണെന്നും ഇവയൊക്കെ കാലഹരണപ്പെട്ടിരിക്കയാണെന്നും യുക്തിവാദികൾപോലും വാദിക്കുകയില്ലെന്നാണ് തോന്നുന്നത്. കാരണം, സാത്താന്റെ ദുർബോധനങ്ങൾ മാർഗരേഖയായി സ്വീകരിച്ചുകൊണ്ട് ഒരു സമൂഹത്തിനും നിലനിൽക്കാനാവില്ലെന്ന് ഭൗതികവാദികൾക്കു പോലും നന്നായറിയാം. അതുകൊണ്ട് തന്നെ ദൈവത്തിന്റെ മാർഗദർശനത്തിൽനിന്ന് കടമെടുത്തുകൊണ്ടും അതോടൊപ്പം ദൈവത്തെ തള്ളിപ്പറഞ്ഞുകൊണ്ടും, 'മാനവിക ധർമം' എന്നൊന്ന് തല്ലിക്കൂട്ടാനുള്ള ശ്രമത്തിലാണ് അവരിപ്പോൾ ഏർപ്പെട്ടിരിക്കുന്നത്.

ഇനി വിശുദ്ധ ക്വുർആനിന്റെ വിധിവിലക്കുകളല്ല, പ്രപഞ്ചത്തെയും ജീവിതത്തെയും മനുഷ്യനെയും കുറിച്ചുള്ള ക്വുർആനിക വീക്ഷണങ്ങളാണ് യുക്തിവിരുദ്ധമെന്നാണ് വാദമെങ്കിൽ നമുക്ക് അതെക്കുറിച്ച് വസ്തുനിഷ്ഠമായ വിശകലനം നടത്തിനോക്കാം.

എന്താണ് ക്വുർആനികദർശനത്തിന്റെ കാതലായ ഭാഗം? പ്രപഞ്ചം സ്വയംഭൂവല്ലെന്നും കണിശമായ വ്യവസ്ഥകൾക്ക് വിധേയമായിക്കൊണ്ട് ഒരു വിധാതാവിനാൽ സൃഷ്ടിച്ച് നിയന്ത്രിക്കപ്പെടുന്നതാണെന്നുമുള്ള സൃഷ്ടിസിദ്ധാന്തമാണ് ഇസ്‌ലാമികദർശനത്തിന്റെ സുപ്രധാനമായ ഒരു ഭാഗം. സൃഷ്ടികർത്താവിന്റെ മാത്രം ആരാധ്യത, മനുഷ്യാസ്തിത്വത്തിന്റെ സ്വാതന്ത്ര്യം, ബാധ്യതകൾ എന്നിവയെ സംബന്ധിച്ച ദർശനമാണ് മറ്റൊരു സുപ്രധാനമായ ഭാഗം. ദിവ്യസന്ദേശം, ആത്മാവ്, മലക്കുകൾ, പിശാച്, സ്വർഗനരകങ്ങൾ എന്നിവയെപ്പറ്റിയുള്ള വിശ്വാസമാണ് പിന്നെ മൗലികമായിട്ടുള്ള വിഷയം. ഈ കാര്യങ്ങളത്രയും ശാസ്ത്രത്തിനും ബുദ്ധിക്കും എതിരായ മൂഢവിശ്വാസങ്ങളാണെന്നും ചില നിക്ഷിപ്ത താൽപര്യങ്ങൾക്കുവേണ്ടി മുഹമ്മദ് നബിﷺ കെട്ടിച്ചമച്ചതാണ് ഈ മൗഢ്യം നിറഞ്ഞ ക്വുർആനെന്നുമാണ് യുക്തിവാദികൾ ജൽപിക്കുന്നത്. എന്നാൽ ഭൗതികശാസ്ത്രത്തിലെയോ തർക്കശാസ്ത്രത്തിലെയോ ഏത് നിയമമാണ് ദൈവാസ്തിക്യം ഉൾപ്പെടെയുള്ള ഉപര്യുക്തകാര്യങ്ങളെ നിഷേധിക്കുകയും നിരാകരിക്കുകയും ചെയ്യുന്നതെന്ന് യുക്തിവാദികൾ ചൂണ്ടിക്കാണിക്കാറില്ല. കത്തിജ്വലിക്കുന്ന നക്ഷത്രങ്ങളിലെ പദാർഥ സമുച്ചയം നിരന്തര പരിണാമപ്രക്രിയയിലൂടെ, ജൈവപദാർഥത്തിന്റെ അത്യുന്നതരൂപമായ മനുഷ്യമസ്തിഷ്കം വരെ സ്വയമേവ യാതൊരു ബാഹ്യശക്തിയുടെയും നിയന്ത്രണമില്ലാതെ വളർച്ച പ്രാപിച്ച് എത്തിച്ചേരുമെന്ന് ഭൗതിക ശാസ്ത്രം ഖണ്ഡിതമായി തെളിയിച്ചുകഴിഞ്ഞിട്ടുണ്ടോ? നെബുലെ (Nebulae) കളിൽനിന്ന് തുടങ്ങി വൈവിധ്യമാർന്ന ധാതു-ജന്തു-സസ്യജാലങ്ങളി

ലൂടെ പടർന്ന് പന്തലിച്ചുകിടക്കുന്ന ഭൗതിക പ്രപഞ്ചത്തിലെ നിയതമായ നിയമവ്യവസ്ഥകളത്രയും ആരുടെയും ആസൂത്രണമോ നിയന്ത്രണമോ കൂടാതെ യാദൃച്ഛികമായും അനൈച്ഛികമായും രൂപം പ്രാപിച്ചതാണെന്ന് തർക്കശാസ്ത്രത്തിലെ ഏതെങ്കിലും നിയമം സമർഥിച്ചിട്ടുണ്ടോ?

ഊർജ്ജ ദ്രവ്യ സംയോജന നിയമത്തെ സാക്ഷിനിർത്തിക്കൊണ്ടാണ് ഇന്ന് യുക്തിവാദികൾ പ്രപഞ്ചം സ്വയംഭൂവാണെന്ന് ശഠിച്ച് പറയുന്നത്. ഊർജ്ജം പദാർഥത്തിന്റെ വിഘടിതരൂപമാണെന്നും പദാർഥത്തെ ഊർജ്ജമാക്കി മാറ്റാൻ കഴിയുന്ന പോലെ ഊർജ്ജത്തെ പദാർഥമാക്കി മാറ്റാനും കഴിയും എന്നുമാണത്രെ ഈ നിയമം നിർദേശിക്കുന്നത്. എന്നാൽ, ദൈവവിശ്വാസത്തിന്റെ അനിവാര്യതയിലേക്കാണ് യഥാർഥത്തിൽ ഈ നിയമം വിരൽചൂണ്ടുന്നത്. അതുകൊണ്ട് തന്നെയാണ് ഊർജ്ജ ദ്രവ്യ സംയോജനം സംബന്ധിച്ച ഫോർമുല ആവിഷ്ക്കരിച്ച ആൽബർട്ട് ഐൻസ്റ്റീൻ തന്നെ പ്രാപഞ്ചിക പ്രതിഭാസങ്ങളുടെ വ്യവസ്ഥിതത്വത്തിന്റെ പിന്നിൽ ഏതോ അജ്ഞാതമായൊരു നിയാമക ശക്തി പ്രവർത്തിക്കുന്നുണ്ടെന്ന് അഭിപ്രായപ്പെട്ടത്. കാരണമെന്തെന്നല്ലേ? യാതൊരു മൂലകത്തിന്റെയും പരമാണു യാതൊരു ബാഹ്യശക്തിയുടെയും പ്രവർത്തനം കൂടാതെ ഊർജ്ജമായി പരിവർത്തിപ്പിക്കപ്പെടുകയില്ല. മറ്റൊരു പരമാണു യാതൊരു ബാഹ്യ പ്രേരണയും കൂടാതെ ഈ പരമാണുവിനെ ഊർജ്ജമാക്കി മാറ്റുന്നതിൽ പങ്കുവഹിക്കുകയില്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ദ്രവ്യം ഊർജ്ജമാക്കി മാറ്റണമെങ്കിൽ fission (വിഘടനം) അല്ലെങ്കിൽ fusion (സംയോജനം) നടക്കണം. ഇത് രണ്ടും

നടക്കണമെങ്കിൽ ഒരു ബാഹ്യ ശക്തിയുടെയും -ഒരു external agency യുടെ -ഇടപെടൽ നടക്കണം. അതുപോലെ തന്നെ ഊർജ്ജത്തെ ദ്രവ്യമാക്കി മാറ്റാൻ സാധിച്ചേക്കുമോ എന്നതല്ല മൗലിക പ്രശ്നം. യാതൊരു ബാഹ്യ ശക്തിയുടെയും ഇടപെടൽ കൂടാതെ ഊർജ്ജകണങ്ങൾ ദ്രവ്യമായി പരിവർത്തിതമാകുമോ എന്നതാണ് പ്രശ്നം. ഏതൊരു ഭൗതികമാറ്റത്തിനും സംയോജിപ്പിക്കലോ, വിഘടിപ്പിക്കലോ, ത്വരിതപ്പെടുത്തലോ ആവശ്യമാണെങ്കിൽ ആദിപദാർഥത്തിന്റെ ജഢത്വം അഥവാ inertia നീങ്ങുകയും പരിണാമചക്രം കറങ്ങിത്തുടങ്ങുകയും ചെയ്യാനും ഒരു ബാഹ്യശക്തിയുടെ ഇടപെടൽ കൂടിയേ തീരൂ. പരമാണുവിനുള്ളിലെ ചലനങ്ങളെ എടുത്തുകാട്ടിയതുകൊണ്ട് പ്രയോജനമില്ല. കോടാനുകോടി പരമാണുക്കൾ ചേർന്നുണ്ടായ കല്ലും ഇരുമ്പ് ദണ്ഡുമൊക്കെ തികച്ചും ജഢാവസ്ഥയിൽ തന്നെയാണല്ലോ കഴിയുന്നത്. അതിന് നിയതമായ ഒരു ക്രമമുണ്ടാകണമെങ്കിൽ അതും ആകസ്മികവും അനാസൂത്രിതവുമായ ചലനങ്ങളുടെ ഫലമായി സംഭവിക്കുക സാധ്യമല്ല. ഉദാഹരണമായി ആദിസ്ഫോടനത്തിൽ നിന്നുരുത്തിരിഞ്ഞ പദാർഥസമുച്ചയം നക്ഷത്രങ്ങളായി, ഗ്രഹങ്ങളായി, ഉപഗ്രഹങ്ങളായി സ്വതന്ത്രവും വ്യതിരിക്തവുമായ പരിമാണത്തോടും പ്രത്യേകതകളോടും കൂടി, സ്വന്തമായ ഭ്രമണപരിക്രമണ വ്യവസ്ഥകളോടെ പരിണമിച്ചുണ്ടായത് യാദൃച്ഛിക സംഭവങ്ങളുടെ അവ്യവസ്ഥിതമായ ഗതിവിപര്യയത്താലാണെന്ന് പറഞ്ഞാൽ സംഭവ്യതാ നിയമങ്ങൾക്കോ തർക്കശാസ്ത്രതത്വങ്ങൾക്കോ നിരക്കാത്ത ഒരു നിരർഥകവാദം മാത്രമായിരിക്കുമത്.

സൗരയൂഥത്തെപ്പറ്റി മനുഷ്യൻ മനസ്സിലാക്കിയ വസ്തുതകളുടെ വെളിച്ചത്തിൽ തന്നെ നമുക്കൊരു വിശകലനം നടത്തി നോക്കാം. സൂര്യൻ ജനനം മുതൽ ജ്വലിച്ചുകൊണ്ടേയിരിക്കുന്നു. ഗ്രഹങ്ങളോ ഉപഗ്രഹങ്ങളോ ജ്വലിക്കുന്നില്ല. അവയുടെ ഉപരിതലമെങ്കിലും ഘനീഭവിച്ചു കെട്ടടങ്ങിയിരിക്കുന്നു. പ്രപഞ്ച രശ്മികളുടെ പ്രസരണത്തിനും ഉൽക്കകളുടെ നിപാതത്തിനും ശരവ്യമായി ഭൂമി ഒഴികെയുള്ള ഗ്രഹങ്ങൾ നിശ്ചേതനമായി ക്കിടക്കുന്നു. ഭൂമിയാകട്ടെ, വിവിധ അടുക്കുകളുള്ള അന്തരീക്ഷമെന്ന കവചത്താൽ പ്രപഞ്ചരശ്മികളുടെയും ഉൽക്കകളുടെയും ആക്രമണത്തിൽനിന്ന് വലിയൊരളവോളം സംരക്ഷിക്കപ്പെട്ടിരിക്കുന്നു. അന്തരീക്ഷം ഒരു കവചമായി, കാണാത്ത മേൽപുരയായി വർത്തിച്ചില്ലായിരുന്നുവെങ്കിൽ സസ്യജന്തുജാലങ്ങളൊന്നും തന്നെ ഭൂമുഖത്ത് ഉടലെടുക്കുകയോ നിലനിൽക്കുകയോ ചെയ്യില്ലായിരുന്നു. ഈ അന്തരീക്ഷ മേൽപുരയില്ലായിരുന്നുവെങ്കിൽ ഇവിടെ മേഘമോ മഴയോ കാറ്റോ ഉണ്ടാവില്ലായിരുന്നു.

ഇനി ഈ ഭൂമിയുടെ ഏതെങ്കിലും ഒരു തുണ്ട് ശ്രദ്ധിച്ചുനോക്കൂ. ഒരേ രാസഘടനയുള്ള മണ്ണിൽ ഒരേ വെള്ളം വലിച്ചെടുത്ത്, ഒരേ വളത്തിൽനിന്ന് പോഷണമുൾക്കൊണ്ട് വളരുന്ന ചെടികളിൽ ഒന്നിന്റെ കായ്കയ്ക്കുന്നു. മറ്റൊന്നിന്റേത് മധുരിക്കുന്നു. വേറെയൊന്നിന്റേത് പുളിക്കുന്നു. ഒന്നിന്റെ പൂവിന് ചുവപ്പുനിറം, പഴത്തിന് മഞ്ഞനിറം. മറ്റൊന്നിന്റെ പൂവിന് വെള്ളനിറം, കായ്ക്ക് പച്ചനിറം. മൂന്നാമതൊന്നിന്റെ പൂവിന് നീലനിറം, കായ്ക്ക് ചുവപ്പുനിറം. നാനാനിറങ്ങൾ, ഭിന്നരുചി. ചിലത് വർഷത്തിൽ പല തവണ കായ്ക്കുന്നു. ചിലത് ഒരു തവണ കായ്

ക്കുന്നു. ചിലത് പന്ത്രണ്ട് വർഷത്തിലൊരിക്കൽ, വേറെ ചിലത് മുപ്പത്താറ് വർഷത്തിലൊരിക്കൽ പൂത്ത്, കായ്ച്ച് കാലഗതിയടയുന്നു. മണ്ണിൽ, വെള്ളത്തിൽ, വളത്തിൽ ഓറഞ്ചിന്റെ മധുരിമയില്ല. ചെറുനാരങ്ങയുടെ അമ്ലതയില്ല. തക്കാളിയുടെ ചുവപ്പും പൂവൻപഴത്തിന്റെ മഞ്ഞനിറവുമില്ല. ബീജകോശത്തിൽ മുദ്രണം ചെയ്യപ്പെട്ട പാരമ്പര്യത്തിന്റെ അലിഖിത നിയമങ്ങൾക്കനുസരിച്ച്, ഇലകളുടെ, പൂക്കളുടെ, പഴങ്ങളുടെ, വർണ-ഗന്ധ-രുചിഭേദങ്ങൾ വിന്യസിക്കപ്പെടുന്നു.

അതിസൂക്ഷ്മജീവികൾ മുതൽ മനുഷ്യൻവരെയുള്ള ജന്തുജാ ലങ്ങളെ നിരീക്ഷിച്ചുനോക്കൂ. വ്യതിരിക്തമായ പ്രജനന രീതികൾ, വിഭിന്നമായ അഭിരുചികൾ, വ്യത്യസ്ഥമായ ആവാസവ്യ വസ്ഥകൾ. പ്രകൃതിയുടെ സന്തുലിതത്വം നിലനിൽക്കുകയും മലിനീകരണ ഹേതുക്കൾ ഒഴിവാക്കുകയും ചെയ്യത്തക്കവണ്ണം ജീവിവർഗങ്ങൾ തമ്മിലുള്ള ചാക്രികബന്ധങ്ങൾ. എണ്ണിയാലൊതുങ്ങാത്ത അത്ഭുതങ്ങളുടെ കലവറയത്രെ ജന്തുലോകം!

മനുഷ്യനെ നോക്കൂ, ഭൂമിയിലെ നായകത്വമേൽക്കാൻ പ്രാപ്തി നൽകുന്ന അസ്തിത്വത്തിന്റെ സ്വാതന്ത്ര്യം. കണ്ണിന്റെയും കാതിന്റെയും പരിധിയിൽവരുന്ന വസ്തുക്കളെ ബാഹ്യമായും ആന്തരികമായും വിലയിരുത്താനും ഉപയോഗപ്പെടുത്താനുമുള്ള ബുദ്ധിശക്തി. മനസ്സിലെ ആശയങ്ങളെ ഭാഷയാക്കി തനിമയോടെ, തെളിമയോടെ, പൂർണതയോടെ സഹജീവികൾക്ക് പകർന്നുകൊടുക്കാനുള്ള കഴിവ്. വചനങ്ങളെ വരകളാക്കി മാറ്റി സ്ഥിരപ്രതിഷ്ഠ നൽകാൻ സഹായിക്കുന്ന അക്ഷരവിദ്യ. വ്യക്തിത്വത്തിന് വിവിധ മാനങ്ങൾ നൽകുന്ന വസ്ത്രം, വാഹനം

എന്നിങ്ങനെ അസംഖ്യം സവിശേഷതകൾ. ദശലക്ഷക്കണക്കിന് ജന്തുജാലങ്ങളിൽനിന്ന് അവരെ വേർതിരിച്ചുയർത്തി നിർത്തുന്ന സവിശേഷതകൾ. വിസ്മയാവഹവും സുവ്യവസ്ഥിതവുമായ ഈ പ്രാപഞ്ചിക പ്രതിഭാസങ്ങളത്രയും വിവിധ മൂലകങ്ങളുടെ യാദൃച്ഛികമായ വിഘടന സംയോജ നങ്ങളുടെ ഫലമായി ഉരുത്തിരിയുന്ന ആകസ്മിക സംഭവങ്ങൾ മാത്രമാണെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? ആകസ്മികത എന്നതിന്റെ സാധ്യതകൾ എത്ര വലിച്ചുനീട്ടിയാലും വ്യവസ്ഥാപിത പ്രപഞ്ചത്തിന്റെ കാരണമായിരിക്കാൻ അത് പോരാ എന്ന് ആവർത്തിച്ചുറപ്പിക്കുകയാണ് വിശുദ്ധ ക്വുർആൻ ചെയ്യുന്നത്. വിശുദ്ധ ക്വുർആനിനോട് യുക്തിവാദികൾക്കുള്ള അമർഷ ത്തിനുള്ള മൂലകാരണം ഇതല്ലാതെ മറ്റൊന്നുമല്ല. വിശുദ്ധ ക്വുർആൻ പറയുന്നു.

**"ഉപരിലോകങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും ദിനരാത്രങ്ങളുടെ പരിവർത്തനത്തിലും ജനോപകാരപ്രദമായ വസ്തുക്കളുമായി സമുദ്രത്തിലൂടെ സഞ്ചരിക്കുന്ന കപ്പലിലും ഉപരിഭാഗത്തുനിന്ന് അല്ലാഹു വെള്ളം ചൊരിഞ്ഞുതന്നിട്ട് നിർജ്ജീവമായ ഭൂമിക്ക് അതുമുഖേന ജീവൻ നൽകുകയും അതിൽ ജന്തുജാലങ്ങളെ വിന്യസിക്കുകയും ചെയ്തതിലും കാറ്റുകളുടെ നിയന്ത്രണത്തിലും ആകാശഭൂമികൾക്കിടയിലൂടെ കാർമേഘങ്ങൾ നയിക്കപ്പെടുന്നതിലുമെല്ലാം ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തങ്ങളുണ്ട്, തീർച്ച" (ക്വുർആൻ 2:164).**

ഏതുകാലത്തുമുള്ള ഏത് വിവേകശാലിക്കും ബോധ്യമാകുന്ന സുവ്യക്തമായ പ്രാപഞ്ചിക വ്യവസ്ഥകളുടെ നിദർശനങ്ങളാണ് ഈ വചനത്തിൽ ചൂണ്ടിക്കാണിച്ച വസ്തു

തകളത്രയും. ഇവയൊക്കെ എങ്ങനെയൊക്കെയോ സംഭ വിക്കുന്ന യാദൃച്ഛരി കതകൾ മാത്രമാണെന്ന് ബുദ്ധിയുള്ള ആർക്കെങ്കിലും അവകാശപ്പെടാനൊക്കുമോ? എന്ത് കാര ണത്താൽ എന്ത് ലക്ഷ്യത്തെ മുൻനിർത്തി ദൈവത്തെ ആരാധിക്കണമെന്ന് വിശുദ്ധ ക്വുർആൻ ചൂണ്ടിക്കാണിക്കു ന്ന ഒരു ഭാഗം നോക്കൂ!

**"ജനങ്ങളേ! നിങ്ങളെയും നിങ്ങൾക്ക് മുമ്പുള്ളവരെ യും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ വണങ്ങു വീൻ; നിങ്ങൾ സ്വയം സൂക്ഷ്മതയുള്ളവരായിരിക്കാൻ വേണ്ടി. നിങ്ങൾക്കു വേണ്ടി ഭൂമിയെ മെത്തയായും ഉപരി ഭാഗത്തെ മേൽപുരയായും സംവിധാനിച്ച നാഥനെ. ഉപരി ഭാഗത്തുനിന്ന് വെള്ളം ചൊരിഞ്ഞു തന്നിട്ട് അത് മുഖേന വൈവിധ്യമാർന്ന കനികൾ നിങ്ങൾക്ക് ഭുജിക്കുവാനായി ഉൽപാദിപ്പിച്ചുതന്ന നാഥനെ. ആയതിനാൽ ഈ കാര്യങ്ങ ൾ മനസ്സിലാക്കിക്കൊണ്ട് നിങ്ങൾ ദൈവത്തിന് പങ്കാളിക ളെ വെച്ചുകൂടാത്തതാകുന്നു" (ക്വുർആൻ 2:21, 22).**

ഏതെങ്കിലുമൊരു പ്രത്യേക വിഭാഗത്തിന്റെയല്ല, എല്ലാ കാലത്തുമുള്ള മുഴുവൻ മനുഷ്യരുടെയും മുഴുപ്രപഞ്ചത്തി ന്റെയും നാഥനായ പ്രാപഞ്ചിക ദൈവത്തെപ്പറ്റിയാണ് വിശുദ്ധ ക്വുർആൻ ഇവിടെ സംസാരിക്കുന്നത്. ആ ദൈവ ത്തെ വണങ്ങുകയും അവന്റെ മാർഗദർശനത്തിനനുഗുണ മായി ജീവിതത്തെ ക്രമീകരിക്കുകയും ചെയ്താൽ നേട്ടങ്ങ ളുണ്ടാകുന്നത് ദൈവത്തിനല്ല, മനുഷ്യന് തന്നെയാണ്. ദൈവത്തിന്റെ നന്മക്കുവേണ്ടി മനുഷ്യൻ പ്രവർത്തിക്കേണ്ട തില്ലെന്ന് ദുർബോധനം നടത്തുന്നവർ പ്രസ്തുത ആശയം മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു എന്ന് അനു മാനിക്കേണ്ടിയിരിക്കുന്നു. ജീവിതം ദൈവത്തിന്

സമർപ്പിച്ചാൽ സകലമാന കളങ്കങ്ങളിൽനിന്നും സ്വയം കാത്തുസൂക്ഷിക്കാൻ മനുഷ്യന് സാധിക്കുന്നു. മറിച്ചാണെങ്കിലോ? മനുഷ്യൻ സ്വയംകൃതാനർഥങ്ങളുടെ വാരിക്കുഴികളിൽ വീണ് തകർന്നടിയുന്നു.

**“നിങ്ങൾക്ക് മാർഗച്യുതി നേരിടാതിരിക്കാൻ വേണ്ടി ദൈവം നിങ്ങൾക്ക് കാര്യങ്ങൾ വ്യക്തമാക്കിത്തരുന്നു” (ക്വുർആൻ 4:176).**

ദൈവത്തോടുള്ള മനുഷ്യന്റെ കടപ്പാടിന് നിദാനമായിട്ടുള്ളത് എന്താണ്? ഒന്നാമത്തേത് സവിശേഷമായ അസ്തിത്വം മനുഷ്യന് നൽകി എന്നതുതന്നെ. പിന്നെ, ആ അസ്തിത്വത്തിന്റെ സർവതോന്മുഖമായ വളർച്ചക്കുതകുന്ന പാരിസ്ഥിതിക ഘടകങ്ങൾ സജ്ജമാക്കിത്തന്നു എന്നത്. ഭൂമിയെ മെത്തയാക്കിയതും ഉപരിഭാഗത്തെ മേൽപുരയാക്കിയതും, കനികളൊരുക്കിയതുമാണ് അത്യന്തം പ്രസ്താവ്യമായിട്ടുള്ളത്. ശാസ്ത്രത്തിന്റെ തുളച്ചുകയറുന്ന ദൃഷ്ടി എത്തിനോക്കിയ ഭൂമിക്കപ്പുറത്തുള്ള ഒരു മേഖലയിലും മനുഷ്യന് നീണ്ടുനിവർന്ന് കിടന്ന് വിശ്രമിക്കാവുന്ന ഒരു മെത്ത ലഭ്യമല്ല എന്നാണ് ഇതഃപര്യന്തം അറിയാൻ കഴിഞ്ഞിട്ടുള്ളത്. അതെ, മാരകമായ പ്രപഞ്ച രശ്മികളേൽക്കാതെ, കൊള്ളിമീനുകൾ വീണ് തലപൊളിയാതെ, ഓക്സിജൻ സിലിണ്ടർ കൂടെ കൊണ്ടുനടക്കാതെ കയറിക്കിടന്ന് വിശ്രമിക്കാനുള്ള മെത്ത. അതാണീ ഭൂമുഖത്തിന്റെ സവിശേഷത. മുഹമ്മദിന്റെ ഭൂമി പായപോലെ പരന്നതോ, പപ്പടംപോലെ വട്ടത്തിലുള്ളതോ ആണെന്ന് പറഞ്ഞ് ഇസ്‌ലാമിനെ അവഹേളിക്കുന്ന യുക്തി വാദികൾ നന്നെ ചുരുങ്ങഇയത് **2:22** വചനത്തിലെ **‘ഫിറാശ്’** എന്ന അറബി പദത്തിന്റെ അർഥമെങ്കിലും ഗ്രഹിച്ചിരുന്നെങ്കിൽ!

സൂപ്പർസോണിക് വിമാനങ്ങളോട് പരിസ്ഥിതി ശാസ്ത്ര ജ്ഞന്മാർക്കുള്ള എതിർപ്പിന്റെ അടിസ്ഥാനമെന്താണെ ന്നോ? മാരകമായ കോസ്മിക് (cosmic) പാളികളിൽ വിള്ള ലുണ്ടാവുകയും തന്മൂലം ജന്തുസസ്യജാലങ്ങൾ സമൂലനാ ശത്തിന് വിധേയമാകാൻ വഴിയൊരുക്കുകയും ചെയ്തേ ക്കുമോ എന്ന ആശങ്ക. അതെ, അന്തരീക്ഷമാകുന്ന മേൽപുരയാണ് ഉൽക്കാപിണ്ഡങ്ങളെ ദഹിപ്പിച്ചുകളയു ന്നത്. അന്തരീക്ഷമാണ് കോസ്മിക് രശ്മികളെ അരിച്ച് ഒഴിവാക്കുന്നത്. അന്തരീക്ഷമേലാപ്പിലെ മർദ്ദ- വ്യതിയാ നങ്ങളാണ് കാലാവസ്ഥയെയും കാലവർഷത്തെയും നിയന്ത്രിക്കുന്നത്. ഭൂമിയിൽ സുലഭമായ പ്രാണവായുവും ജീവജലവും പ്രപഞ്ചത്തിലെ അതുല്യവും അനിതരവു മായ രണ്ട് പദാർത്ഥങ്ങളത്രെ. അത് രണ്ടും അന്തരീക്ഷമാ കുന്ന മേൽപുര യിൽനിന്ന് നമുക്ക് ലഭിക്കുന്നത് നിർലോ ഭമായിക്കൊണ്ടാണ്. ആ മേൽപുരയെപ്പറ്റി മറ്റൊരിടത്ത് വിശുദ്ധ ക്വുർആൻ പറയുന്നു:

**“ഉപരിഭാഗത്തെ നാം സുരക്ഷിതമായ ഒരു മേൽപുര യാക്കിയിരിക്കുന്നു. എന്നിട്ടും അവർ നമ്മുടെ ദൃഷ്ടാന്ത ങ്ങളെപ്പറ്റി വിമുഖരത്രെ!” (ക്വുർആൻ 21:32)**

## ഭൗതികവാദവും സൃഷ്ടിസിദ്ധാന്തവും

കേവല ഭൗതികവാദത്തിന് ഉത്തരം കണ്ടെത്താൻ പ്ര യാസമുള്ള ചില ചോദ്യങ്ങളെ നേരിടുന്നതിനുവേണ്ടി ആവിഷ്ക്കരിക്കപ്പെട്ടതാണ് വൈരുദ്ധ്യാത്മക ഭൗതികവാ ദം. കാറൽമാർക്സാണ് ഇതിന്റെ ഉപജ്ഞാതാവ്. പദാർത്ഥ ത്തിന്റെ വിരുദ്ധഭാവങ്ങൾ തമ്മിലുള്ള സംഘട്ടനത്തിൽ നിന്നാണ് പുതിയ വസ്തുക്കളും വർഗ്ഗങ്ങളും രൂപം കൊ

ള്ളുന്നത് എന്നത്രെ ഈ വാദത്തിന്റെ ചുരുക്കം. മരവും കായും തമ്മിലും തള്ളയും കുഞ്ഞും തമ്മിലും കോഴിയും മുട്ടയും തമ്മിലുമൊക്കെ ദ്വന്ദ്വഭാവമുണ്ടെന്നും മാവിന്റെ നിഷേധമാണ് മാങ്ങയെന്നും കോഴിയുടെ നിഷേധമാണ് കോഴിമുട്ടയെന്നും വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റെ ഭാഷ്യകാരന്മാർ വിശദീകരിക്കുമ്പോൾ മസ്തിഷ്കപ്രക്ഷാളനത്തിന് വിധേയരാകാത്ത മനുഷ്യരെല്ലാം മൂക്കത്ത് വിരൽ വെച്ചുപോകും. എന്നാൽ വിശുദ്ധ ക്വുർആൻ അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നത് സസ്യജന്തുജാലങ്ങളടക്കമുള്ള ഭൗതികവസ്തുക്കളെ യുഗ്മങ്ങളായിട്ടാണ് ദൈവം സൃഷ്ടിച്ചിരിക്കുന്നത് എന്നാണ്. ഇണകളായി സൃഷ്ടിക്കപ്പെട്ട വസ്തുക്കളുടെ വൈവിദ്ധ്യപൂർണവും പരസ്പരപൂരകവുമായ ഗുണങ്ങളുടെ സംയോജനത്തിലൂടെയാണ് പദാർത്ഥ ലോകം നിലനിൽക്കുകയും വളരുകയും ചെയ്യുന്നത്. ദൈവം നൽകിയ ഇണക്കവും സംയോജനവുമാണ് പ്രകൃതിയിലെ നിയാമകഘടകം; വികൃതമനസ്സുകളിൽ രൂപം കൊണ്ട സംഘട്ടനമല്ല. പ്രകൃതിയിലെ യുഗ്മങ്ങളെ നിരീക്ഷിക്കുന്ന ഏതൊരു സൂക്ഷ്മദൃക്കിനും അനുഭവവേദ്യമാകുന്ന വസ്തുത സംഘട്ടനാത്മകമായ വൈരുദ്ധ്യമല്ല, സഹകരണാത്മകമായ വൈജാത്യമാണ് പ്രപഞ്ചത്തിന്റെ അന്തർധാരയെന്നത്രെ. യാദൃച്ഛികവും അനാസൂത്രിതവുമാണ് ജന്തുസസ്യജാലങ്ങളുടെ പരിണാമമെങ്കിൽ സകല ജനുസ്സുകളും ജോടികളായി പരിണമിക്കുക എന്നത് സംഭവ്യതാ നിയമങ്ങൾക്ക് വിരുദ്ധമാണ്. പ്രപഞ്ചോൽപത്തിയെപ്പറ്റിയുള്ള മതവീക്ഷണത്തെ പുച്ഛരിച്ചുതള്ളുവാൻ യുക്തിവാദികൾ പൊക്കിക്കാണിക്കാറുള്ളത് പണ്ടൊരു മാർപ്പാപ്പ ഭൂമിയുടെ ആയുസ്സ് ഗണിച്ചതിലെ

വൈചിത്ര്യത്തെയാണ്. എന്നാൽ വിശുദ്ധ ക്വുർആൻ അയുക്തികമായ യാതൊന്നും തന്നെ തദ്വിഷയകമായി പ്രസ്താവിച്ചിട്ടില്ല. പ്രപഞ്ചത്തെ ആറുഘട്ടങ്ങളിലായി സൃഷ്ടിച്ചു എന്ന ക്വുർആനിക പരാമർശത്തിൽ അവിശ്വസനീയമായി യാതൊന്നുമില്ല. ഉപരിലോകങ്ങളും ഭൂമിയും ഒന്നിച്ചായിരുന്നുവെന്നും പിന്നീട് ദൈവം അവയെ വേർപ്പെടുത്തുകയാണുണ്ടായതെന്നുമാണ് പ്രപഞ്ചോൽപത്തിയെപ്പറ്റി വിശുദ്ധ ക്വുർആന്റെ മറ്റൊരു പ്രസ്താവം. ആകാശ ഗോളങ്ങളും ഭൂമിയും തമ്മിലുള്ള ഉൽപത്തിപരമായ ബന്ധത്തെപ്പറ്റി യാതൊരു ധാരണയും നിലവിലില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ നടത്തപ്പെട്ട ഈ പ്രസ്താവം വിശുദ്ധ ക്വുർആനിന്റെ അമാനുഷികതയുടെ പ്രകടമായ തെളിവുകളിൽ ഒന്നത്രെ.

രണ്ട് ഉദയസ്ഥാനങ്ങളെയും അസ്തമയ സ്ഥാനങ്ങളെയും പറ്റിയുള്ള പ്രസ്താവവും രാത്രിയെ പകലിന്മേലും പകലിനെ രാത്രിയിന്മേലും ചുറ്റുന്നു എന്ന് തുടങ്ങിയ പരാമർശങ്ങളും വിശുദ്ധ ക്വുർആനിന്റെ അപ്രമാദിത്വത്തിന്റെ തെളിവുകളത്രെ. പരന്ന ഭൂമിയോ നിശ്ചലമായ ഭൂമിയോ അല്ല ഈ വാക്യങ്ങളിൽ ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഉരുണ്ടതും കറങ്ങുന്നതുമായ ഭൂമിയെക്കുറിച്ചുതന്നെയാണ് വിശുദ്ധ ക്വുർആൻ സൂചിപ്പിക്കുന്നത്.

**“പർവതങ്ങൾ ഭൂമിയുടെ സന്തുലിതത്വം നിലനിർത്തുന്നതിനുള്ള ആണികളാണ്”** എന്ന വിശുദ്ധ ക്വുർആനിന്റെ പരാമർശത്തെ ചില യുക്തിവാദികൾ അപഹസിച്ചു തള്ളാറുണ്ടെങ്കിലും ഒരു വസ്തുവിന്റെ പതനം ചന്ദ്രനിൽ സൃഷ്ടിക്കുന്ന ആനുപാതികമല്ലാത്ത ഉഗ്രമായ ചന്ദ്രകമ്പത്തെപ്പറ്റി സോവിയറ്റ് വിദഗ്ധന്മാർ നടത്തിയ സൈസ്മോ

ഗ്രാഫിക് പഠനങ്ങൾ, പർവതങ്ങൾ ഭൂമിക്ക് നൽകുന്ന കെട്ടുറപ്പിനെപ്പറ്റി വ്യക്തമായ ധാരണയിലേക്ക് നയിച്ചിരിക്കയാണ്. ഭൂമിക്കടിയിലേക്ക് ആഴ്ന്നിറങ്ങിയ പർവതങ്ങളുടെ ഘടനയും ഭൂമിയുടെ ബാലൻസ് നിലനിർത്തുന്നതിൽ പർവതങ്ങൾ വഹിക്കുന്ന പങ്കും ഇന്നും പഠനവിധേയമായിക്കൊണ്ടിരിക്കയാണ്. സൂര്യനെ ദീപമെന്നും ചന്ദ്രനെ വെളിച്ചമെന്നും വിളിക്കുന്ന വിശുദ്ധ ക്വുർആൻ ഏഴാം നൂറ്റാണ്ടിലെ യാതൊരറബിക്കും അറിയാനിടവരാത്ത ജ്യോതിശാസ്ത്ര തത്ത്വത്തെയാണ് സൂചിപ്പിക്കുന്നത്. സൂര്യൻ ഒരു ദീപമായി ജ്വലിക്കുന്നു. ചന്ദ്രൻ അതിന്റെ വെളിച്ചം പ്രതിബിംബിപ്പിക്കുക മാത്രം ചെയ്യുന്നു.

## മനുഷ്യൻ–ക്വുർആനിലും യുക്തിവാദത്തിലും

യാദൃച്ഛികമായി വാല് പോവുകയും നട്ടെല്ല് നിവരുകയും താടിയെല്ലിന് ആകൃതി വ്യത്യാസം നേരിടുകയും ചെയ്ത ചിമ്പാൻസിയുടെ പിൻതലമുറയിലെ ഒരു സ്പീഷിസ് (species) മാത്രമാണ് യുക്തിവാദികളുടെ വീക്ഷണത്തിൽ മനുഷ്യൻ. എന്നാൽ വിശുദ്ധ ക്വുർആൻ മനുഷ്യാസ്തിത്വത്തിന്റെ മഹിത ഭാവങ്ങളോരോന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് ദൈവത്തിന്റെ അതിവിശിഷ്ടവും സുന്ദരവും അനിതരവുമായ സൃഷ്ടി എന്ന നിലയിൽ അവന് പ്രാപിക്കാവുന്ന മഹത്വത്തിന്റെ കൊടുമുടികളും അവന് ചെന്നുപതിക്കാവുന്ന പാതാളത്തിന്റെ അഗാധ തകളും ചൂണ്ടിക്കാണിച്ചുകൊണ്ട് മനുഷ്യനെ സ്വയം കണ്ടെത്താൻ സഹായിക്കുന്നു.

**"ഞാനിതാ ഭൂമിയിൽ ഒരു ഖലീഫയെ (അഥവാ, സ്വാതന്ത്ര്യവും ഉത്തരവാദിത്വവുമുള്ള ഒരു സൃഷ്ടിവിഭാഗത്തെ)**

**വിന്യസിക്കുകയാണ്" (ക്വുർആൻ 2:30).**

ആദിമ മനുഷ്യന്റെ സൃഷ്ടിപ്പിനോടനുബന്ധിച്ച് ദൈവം പ്രഖ്യാപിച്ചത് വിശുദ്ധ ക്വുർആൻ അനുസ്മരിപ്പിക്കുന്നു. **"ആദമിന്-ആദിമ മനുഷ്യന്-അവൻ പേരുകളെല്ലാം പഠിപ്പിച്ചു" (ക്വുർആൻ 2:31).**

ഭൂമിയിൽ സ്വതന്ത്രമായ ദൗത്യനിർവഹണത്തിന് സഹായ കമാംവണ്ണം ഏത് വസ്തുവിന്റെയും പേരും പൊരുളും ഗ്രഹിക്കാനും ഏത് വസ്തുവും കൈകാര്യം ചെയ്യാനുമുള്ള വൈഭവവും ദൈവം അവന് നൽകി.

ദശലക്ഷക്കണക്കിന് ജന്തുവർഗങ്ങളിൽ ഒന്നിനുമില്ലാത്ത സ്വതന്ത്രമായ കഴിവുകളും അപാരമായ അറിവുകളും മനുഷ്യന് കൈവന്നതിനെപ്പറ്റി വിശ്വസനീയമായ ഒരു വസ്തുസ്ഥിതി പഠനം ഇവിടെ ക്വുർആൻ നടത്തുന്നു. വാനരന്റെ വാലുമുറിഞ്ഞ കുറ്റിയിൽ ഉന്നതമായ കഴിവുകളും അറിവുകളും മുളച്ചുവരുമെന്ന് പാരമ്പര്യശാസ്ത്രം സിദ്ധാന്തിക്കുന്നുണ്ടോ, എന്തോ?

**"പരമകാരുണികനാണ് ക്വുർആൻ പഠിപ്പിച്ചത്. മനുഷ്യനെ സൃഷ്ടിക്കുകയും അവന് ആശയാവിഷ്കരണ പാടവം- അഥവാ-പ്രസംഗവൈഭവം-നൽകുകയും ചെയ്തത് അവനത്രെ" (ക്വുർആൻ 55:1-4).**

**"വായിക്കുക! നിന്റെ നാഥൻ അത്യുദാരനാകുന്നു. പേന കൊണ്ട് പഠിപ്പിച്ചവൻ. മനുഷ്യന് അറിഞ്ഞുകൂടാത്തത് അവനെ പഠിപ്പിച്ചു" (ക്വുർആൻ 96:34).**

മനുഷ്യനെ മനുഷ്യനാക്കുന്നതിൽ മനുഷ്യനെ നാഗരിക നാക്കുന്നതിൽ, മനുഷ്യനെ സാഹിത്യകാരനാക്കുന്നതിൽ, മനുഷ്യനെ ശാസ്ത്രജ്ഞനാക്കുന്നതിൽ

നിർണായകമായ പങ്കുവഹിച്ച രണ്ട് ഘടകങ്ങളാണ് വചനവും ലേഖനവും. ഭൂമുഖത്ത് അധിവസിക്കുന്ന ദശലക്ഷക്കണക്കിന് ജന്തുജാലങ്ങ ളിൽ ഒന്നുപോലും നാളിതുവരെ പ്രസംഗിച്ചിട്ടില്ല. ചിത്രങ്ങളോ അക്ഷരങ്ങളോ ആലേഖനം ചെയ്തിട്ടില്ല. മനുഷ്യൻ മാത്രമാണ് അത് രണ്ടും ചെയ്തത്. അത് രണ്ടും ചേർന്ന് അവന്റെ ജീവിതത്തിന്ന് അതുല്യമായ മാനങ്ങൾ നൽകി. അവരെ ഭൂമിയിലെ നായകനാക്കി–ഖലീഫയാക്കി. ജന്തുജാലങ്ങളിൽ മനുഷ്യൻ മാത്രമാണ് വാഹനമുപയോഗിച്ചത്. അവൻ മാത്രമാണ് വസ്ത്രം ധരിച്ചത്. അത് സംബന്ധിച്ചും വിശുദ്ധ ക്വുർആൻ വിശ്വസനീയമായ ഭാഷ്യങ്ങൾ തന്നെയാണ് അവതരിപ്പിക്കുന്നത്. ആയത്തുകൾ ഇവിടെ ഉദ്ധരിക്കുന്നില്ല.

**"തീർച്ചയായും മനുഷ്യനെ നാം സൃഷ്ടിച്ചിട്ടുള്ളത് അതിവിശിഷ്ടമായ ഘടനയോടുകൂടിയാണ്. പിന്നീട് അവനെത്തന്നെ നാം അധഃസ്ഥിതരിൽ അധഃസ്ഥിതനാക്കി മാറ്റിയിട്ടുമുണ്ട്" (ക്വുർആൻ 95:4–5).**

മനുഷ്യൻ തന്റെ മഹത്തായ കഴിവുകൾ സേവനത്തിനായി സമർപ്പിക്കുമ്പോൾ തന്റെ അസ്തിത്വത്തിന് സമ്പൂർണതയും ഔന്നത്യവും കൈവരുന്നു. അതേ കഴിവുകൾ ദ്രോഹത്തിനും ചൂഷണത്തിനും വേണ്ടി വിനിയോഗിക്കുമ്പോൾ മനുഷ്യൻ മൃഗങ്ങളെക്കാൾ അധമനായിത്തീരുന്നു. മനുഷ്യാസ്തിത്വത്തിന്റെ നിമ്നോന്നതികളെപ്പറ്റി ഇതിനെക്കാൾ ആധികാരികവും വസ്തുനിഷ്ഠവുമായ പരാമർശം ഏത് ഗ്രന്ഥത്തിലാണുള്ളത്? മനുഷ്യന്റെ ജീവിതലക്ഷ്യത്തെപ്പറ്റിയുള്ള ക്വുർആനികവീക്ഷണവും യുക്തിയുക്തമാണ്– ഉദാത്തമാണ്. ജീവിതത്തെ നന്മയിൽ ഉറപ്പിച്ചു

കൊണ്ട് ദൈവത്തിന് സമർപ്പിക്കുന്ന മനുഷ്യൻ, ജീവിച്ചിരിക്കുമ്പോഴും മരണാനന്തരവും ജീവിതത്തിന് നിത്യചൈതന്യം നൽകിക്കഴിഞ്ഞു. മനസ്സമാധാനവും ആത്മസംതൃപ്തിയും ഒരു ദൈവവിശ്വാസിയുടെ ഭൗതികജീവിതത്തെ ചൈതന്യപൂർണമാക്കുന്നു. ദൈവാനുഗ്രഹം ഭൂമിയിലും സ്വർഗത്തിലും അവന് തണൽ നൽകുന്നു. വിശ്വാസിയുടെ എല്ലാ നഷ്ടവും ലാഭമായി മാറുന്നു. എല്ലാ ത്യാഗവും നേട്ടമായി ഭവിക്കുന്നു. യുക്തിവാദിയോ, വിഡ്ഢികൾക്ക് വേണ്ടി ജീവൻ സമർപ്പിച്ച മറ്റൊരു പടുവിഡ്ഢിയായി ആയുസ്സ് വ്യർഥമാക്കുന്നു. നല്ലൊരു നാളെ പടുത്തുയർത്താൻ അണിചേർന്ന് മരണം വരിക്കുന്നതിൽ യാതൊരു വൈമുഖ്യവും യുക്തിവാദി കാണുന്നില്ല. മറ്റാരുടെയെങ്കിലും തലയ്ക്ക് മീതെ ഉദിക്കുന്നത് നല്ല നാളെയായാലും ചീത്ത നാളെയായാലും അയാൾക്ക് നേടാനൊന്നുമില്ല. യുക്തി വാദമനുസരിച്ച് ഏത് സംപൂജ്യ നേതാവും മരിച്ചുകഴിഞ്ഞാൽ പൂജ്യമായി മാറിക്കഴിഞ്ഞു. പിന്നെയുള്ള പുഷ്പചക്രവും ആദരാഞ്ജലിയും സ്മാരകമണ്ഡപങ്ങളുമൊക്കെ മിഥ്യകളാണ്, തട്ടിപ്പുകളാണ്, കാപട്യത്തിന്റെ മുഖമുദ്രകളാണ്. പിന്നെയുണ്ട് ഒരു സാന്ത്വനം: അദ്ദേഹം മരിച്ചിട്ടില്ല, ജനകോടികളുടെ മനസ്സിൽ അദ്ദേഹം എന്നെന്നും ജീവിക്കും. യുക്തിവാദം പുനർജന്മത്തിന്റെ കീറക്കുപ്പായം ചായം മുക്കി അണിയാനുള്ള ഭാവമാണ്. മരണത്തോടെ നേതാവിന്റെ ആത്മാവ് ജനഹൃദയങ്ങളിലേക്ക് കുടിയേറിപ്പാർക്കുന്നതിന്റെ യുക്തി, 'യുക്തിദർശന'ത്തിൽ കുറിച്ചു കണ്ടില്ല. ഏതായാലും സ്ഥിതിസമത്വത്തിന്റെ ശവപ്പറമ്പുകളിൽ കൂടുതൽ സമത്വമുള്ള നേതാക്കളുടെ ശവകുടീരങ്ങൾ കോന്ത്രൻപല്ലുകളെപോ

ലെ ഉയർന്ന്, വേറിട്ട് നിൽക്കാറുണ്ട്. പൂജ്യങ്ങൾക്കിടയിൽ 'ഇമ്മിണി ബല്യ' പൂജ്യങ്ങൾ.

## തെറ്റിദ്ധാരണകൾ, ആരോപണങ്ങൾ

ഇസ്‌ലാം നരബലി അടക്കമുള്ള അന്ധവിശ്വാസങ്ങളെ വളർത്തുന്നു, ഇസ്‌ലാം സ്ത്രീസമത്വത്തെ എതിർക്കുന്നു, ഇസ്‌ലാം അടിമത്തം നിലനിർത്തുന്നു എന്നിങ്ങനെ അനേകം ആരോപണ ങ്ങൾ തലങ്ങും വിലങ്ങും ഉന്നയിച്ചുകൊണ്ടാണ് ഇന്ന് യുക്തിവാദികൾ ഇസ്‌ലാമിനെ വിമർശിക്കാറുള്ളത്. വിശുദ്ധ ക്വുർആൻ നരബലിയെ പ്രോത്സാഹിപ്പിച്ചത് എവിടെയാണ്? ഇബ്രാഹിം നബിعليه السلامയുടെ ത്യാഗസന്നദ്ധത പരീക്ഷിച്ച കാര്യവും മകനെ അറുക്കേണ്ടതില്ലെന്നും പ്രതീകാത്മകമായി ഒരു മൃഗത്തെ ബലിയർപ്പിച്ചാൽ മതിയെന്നും അല്ലാഹു നിർദേശിച്ച കാര്യവുമാണ് ക്വുർആനിലുള്ളത്. ഇതിൽ ഏത് ഭാഗമാണ് യുക്തിവാദികൾക്ക് ദഹിക്കാത്തതെന്ന് മനസ്സിലാകുന്നില്ല. ബലി എന്ന ആശയത്തോടുതന്നെ എതിർപ്പാണെങ്കിൽ അത് തികച്ചും യുക്തിവിരുദ്ധമായ നിലപാടാണ്. ജീവൻ ഉൾപ്പെടെ അമൂല്യമായ പലതും ബലികഴിക്കാൻ സന്നദ്ധതയുള്ളവർക്ക് മാത്രമെ നിർണായക വിജയങ്ങൾ കൊയ്തെടുക്കാൻ സാധ്യമാവൂ എന്നതിന് ചരിത്രവും സമകാലീന സംഭവങ്ങളും സാക്ഷിയാണ്. ഒരു യോദ്ധാവ് അയാളുടെ ജീവൻ ബലിയർപ്പിക്കാൻ സന്നദ്ധനാവേണ്ടിവരും. ഒരു രോഗി അയാളുടെ ശീലങ്ങൾ കൈയൊഴിക്കാൻ തയാറാ വേണ്ടിവരും. കാര്യമായാലും കളിയായാലും വിജയത്തിലെത്താൻ പല ബലികളും വേണ്ടിവരും. ഒരു മതവിശ്വാസി ജീവിതത്തിൽ ബലിക്കുള്ള സ്ഥാനത്തെപ്പറ്റി സദാബോധവാനായിരിക്കുന്നു. യുക്തിവാദിയോ, വല്ലതും ബലി

യർപ്പിക്കേണ്ടിവന്നാൽ ബോധം കെട്ടുവീഴാനേ അയാൾക്ക് കഴിയൂ.

ഒരു പുരുഷൻ ഒന്നിലേറെ സ്ത്രീകളുമായി ലൈംഗിക സമ്പർക്കത്തിലേർപ്പെടുന്നതിലോ, സ്ത്രീകളുടെ നഗ്നത നോക്കി രസിക്കുന്നതിലോ, സ്ത്രീ സൗന്ദര്യം വിറ്റ് കാശാക്കുന്നതിലോ യുക്തിവാദികൾക്ക് വിഷമമുള്ളതായി കണ്ടിട്ടില്ല. കേട്ടിട്ടില്ല. വീട്ടിലൊരു ഭാര്യ, ഓഫീസിൽ സ്റ്റെനോ, യാത്രയിൽ ഗൈഡ്, ഹോട്ടലിൽ കാൾഗേൾ..... ഇങ്ങനെ നീണ്ടുപോകുന്ന പരസ്ത്രീ സമ്പർക്കങ്ങളൊന്നും യുക്തിവാദികളുടെ വിമർശനത്തിന് വിധേയമായിക്കണ്ടിട്ടില്ല. ഭാര്യയുടെ ഗർഭധാരണം, പ്രസവം, മാസമുറ തുടങ്ങിയ കാരണങ്ങളാൽ ലൈംഗികവിശപ്പനുഭവിക്കുന്ന പുരുഷന്റെ പിരിമുറുക്കം കാബറെയിൽ അലിയിച്ചു കളയേണ്ടത് മനഃശാസ്ത്രപരവും ജീവശാസ്ത്രപരവുമായ ഒരു അനിവാര്യതയാണെന്ന് പോലും എഴുതിയ യുക്തിരാക്ഷസന്മാരുണ്ട്. എന്നാൽ നിയമാനുസൃതമായി, ഉത്തരവാദിത്തത്തോടെ നീതിനിഷ്ഠമായി ഒരാൾ ബഹുഭാര്യത്വം സ്വീകരിച്ചാൽ അത് പ്രാകൃതമാണ്, മ്ലേച്ഛമാണ് എന്നത്രെ യുക്തിവാദികളുടെ നിലപാട്. ക്വുർആൻ സോപാധികമായി നാലുവരെ വിവാഹങ്ങൾ അനുവദിക്കുന്നു. തികച്ചും നീതിനിലനിർത്താൻ കഴിയുമെന്ന് ഉത്തമവിശ്വാസമുള്ളവന് മാത്രമെ ബഹുഭാര്യത്വം ഇസ്ലാം അനുവദിക്കുന്നുള്ളൂ. ചില യുക്തിവാദികൾ ചോദിക്കുന്നത്, എന്നാൽ എന്തുകൊണ്ട് ബഹുഭർതൃത്വം ഇസ്ലാം അനുവദിക്കുന്നില്ല എന്നാണ്. അച്ഛനാരെന്നും അമ്മയാരെന്നും ഉറപ്പ് നൽകുന്ന സമ്പ്രദായമാണ് ബഹുഭാര്യത്വം. എന്നാൽ ബഹുഭർതൃത്വത്തിലോ? അച്ഛൻ ഒരു സമസ്യ

യായിരിക്കും. അതിനാൽ തന്തയും തള്ളയും ഉള്ള സമ്പ്ര ദായം ഇസ്‌ലാം അനുവദിച്ചു, തന്തയെ തിരിച്ചറിയാത്ത സമ്പ്രദായം യുക്തിവാദികൾക്ക് വേണ്ടി മാറ്റിവെക്കുകയും ചെയ്തു.

ഇസ്‌ലാം വരുന്നതിന് മുമ്പ് അറേബ്യയിൽ മാത്രമല്ല, ഭൂമുഖത്തെങ്ങും നിലവിലുണ്ടായിരുന്ന ഒരു സമ്പ്രദായമാ യിരുന്നു അടിമത്തം. അത് അവിടത്തെ സംസ്കാരവുമാ യും സമ്പൽഘടനയുമായും കെട്ടുപിടിച്ചു കിടക്കുകയാ യിരുന്നു. അതുകൊണ്ട് ജനങ്ങളിൽ മാനസികമായ പരിവ ർത്തനത്തിന് വേണ്ടി ശ്രമിക്കാൻ പ്രതി ജ്ഞാബദ്ധനായ പ്രവാചകﷺന് പ്രഥമമായും പ്രധാനമായും ചെയ്യാനുണ്ടാ യിരുന്നത് അടിമകൾ അനുഭവിക്കുന്ന വിഷമതകൾ പരി ഹരിക്കുക എന്നതായിരുന്നു. അതിനുവേണ്ടി നബിﷺയും അനുചരന്മാരും അർപ്പിച്ച സേവനങ്ങൾക്ക് കണക്കില്ല. മാനവികപ്രതിസന്ധിക്കുള്ള ഇസ്‌ലാമിക പരിഹാരത്തിന്റെ ആദ്യത്തെ കടമ്പതന്നെ അടിമത്തവിപാടനമാണെന്ന് ക്വുർ ആൻ പ്രഖ്യാപിച്ചു.

പല കുറ്റങ്ങൾക്കുമുള്ള പ്രായശ്ചിത്തമായി ക്വുർആൻ നിർദേശിച്ചത് അടിമകളുടെ വിമോചനമാണ്. യാതൊരു കാരണവശാലും ഒരു സ്വതന്ത്രമനുഷ്യനെ അടിമയാക്കി മാറ്റാൻ ഒരു മുസ്‌ലിമിനും അവകാശമില്ല. യുദ്ധത്തടവു കാരെ അടിമകളാക്കി മാറ്റാൻ ക്വുർആൻ അനുശാസിക്കു ന്നില്ല. അവരെ ഒന്നുകിൽ വെറുതെ വിടുകയോ, അല്ലെ ങ്കിൽ മോചനമൂല്യം വാങ്ങി വിട്ടയക്കുകയോ ചെയ്യാനാണ് ക്വുർആൻ നിർദ്ദേശിക്കുന്നത്.

സ്ത്രീയുടെ അനന്തരാവകാശമാണ് വിമർശകരുടെ മറ്റൊരു ഉന്നം. സ്ത്രീയുടെ സാമ്പത്തിക ബാധ്യതയുടെ

കാര്യമോ? അതിനെപ്പറ്റി വിമർശകർ മൗനം അവലംബിക്കുകയാണ് പതിവ്. ഒരു സ്ത്രീ മകളായാലും പെങ്ങളായാലും ഭാര്യയായാലും അമ്മയായാലും അമ്മൂമ്മയായാലും സ്വന്തം ജീവിതച്ചെലവോ, കുടുംബ ത്തിന്റെ ജീവിതച്ചെലവോ ഇസ്‌ലാം അവളുടെ മേൽ ചുമത്തു ന്നില്ല. പ്രായപൂർത്തിവന്ന പുരുഷനാകട്ടെ, സ്വന്തം ചെലവും കുടുംബത്തിന്റെ ചെലവും വഹിക്കാൻ ബാധ്യസ്ഥനാണ്. ഇതു കൂടി കണക്കിലെടുക്കുമ്പോൾ സ്ത്രീയോട് ഇസ്‌ലാം തികച്ചും നീതി പുലർത്തുന്നുണ്ടെന്ന് കാണാൻ ഒട്ടും പ്രയാസമില്ല. ലൈംഗിക വിദ്യാഭ്യാസ വിജ്ഞാനകോശത്തിന്റെ സുദീർഘമായ മുഖവുരയിൽ ലൈംഗികതയോട് വിവിധ സംസ്കാരങ്ങളുടെ സമീപനം താരതമ്യം ചെയ്തേടത്ത്, ഇസ്‌ലാമിന്റെ സമഗ്രവും അന്യൂനവുമായ കുടുംബനിയമങ്ങളെ ശ്രീ. സി.പി. ശ്രീധരൻ മുക്തകണ്ഠം പ്രശംസിച്ച വസ്തുത ഇത്തരുണത്തിൽ അനുസ്മരിക്കട്ടെ.

പൗരോഹിത്യം, മന്ത്രവാദം, ചൂതാട്ടം, മാരണം, ചെപ്പടിവിദ്യകൾ തുടങ്ങിയ അടിസ്ഥാനരഹിതമായ സമ്പ്രദായങ്ങളോടും ചൂഷണോപാധികളോടും വിട്ടുവീഴ്ചയില്ലാത്ത നിലപാടത്രെ ഇസ്‌ലാമിനുള്ളത്. തൽസംബന്ധിയായ ക്വുർആൻ വാക്യങ്ങൾ സ്ഥലപരിമിതി കാരണം ഉദ്ധരിക്കുന്നില്ല. മനുഷ്യന്റെ പതനത്തിന്റെ മൗലിക കാരണമായി വിശുദ്ധ ക്വുർആൻ ചൂണ്ടിക്കാട്ടുന്നത്, അവരുടെ മനസ്സ് ചിന്തിക്കുവാനും കണ്ണ് വസ്തുതകൾ കണ്ടറിയുവാനും കാത് സത്യങ്ങൾ കേട്ടറിയുവാനും ഉപയോഗിക്കുന്നില്ല എന്നതാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ദൈവം മനുഷ്യന് നൽകിയ യുക്തിബോധം സമഗ്രമായി, സമ്പൂർണമായി വിനിയോഗിക്കാത്തതാണ് മനുഷ്യൻ അധഃപതി

ക്കുവാനും ദൈവത്തിന്റെ ശാപത്തിന് കാരണമായിത്തീരാനും ഇടവരുത്തുന്നത് എന്നാണ് വിശുദ്ധ ക്വുർആൻ ചൂണ്ടിക്കാട്ടുന്നത്. വെപ്പാട്ടി സമ്പ്രദായത്തിന്റെ പേരിലാണ് ഏറെ കോലാഹലങ്ങൾ ഉയരാറുള്ളത്. അടിമത്തം വേരറ്റുപോകുന്നതിനിടക്കുള്ള ഒരു അന്തരാള ഘട്ടത്തിലെ പ്രശ്നം മാത്രമാണിത്. അടിമ മുതലാളി, തന്റെ ദാസിയെ, യോഗ്യനായ ഒരു പുരുഷന് വിവാഹം ചെയ്തു കൊടുക്കാൻ വേണ്ടത് ചെയ്യണമെന്നാണ്, വെപ്പാട്ടിയാക്കിവെക്കണമെന്നല്ല ഇസ്‌ലാം കൽപിക്കുന്നത്.

പക്ഷേ, അഭിജാതരായ അറബികൾ അടിമസ്ത്രീകളെ ഭാര്യ മാരാക്കിവെക്കുന്നതിൽ പലപ്പോഴും വൈമുഖ്യം പ്രകടിപ്പിക്കുന്നവരായിരുന്നു. ഒരാൾ തന്റെ ദാസിയെ ഏതെങ്കിലുമൊരടിമക്ക് തന്നെ വിവാഹം ചെയ്തുകൊടുത്താലും പല വിഷമപ്രശ്നങ്ങളും തരണം ചെയ്യേണ്ടതുണ്ടായിരുന്നു. ഈ സാഹചര്യത്തിലാണ് ഒരു തലമുറയോടെ അടിമത്തത്തിന്റെ അന്ത്യം കുറിക്കുവാൻ സഹായിക്കുന്ന ഉപാധികളോടെ സ്വന്തം ദാസിയെ ഭാര്യയെ പോലെ സ്വീകരക്കുവാൻ ഇസ്‌ലാം അനുവദിച്ചത്. ഈ നിർദേശമനുസരിച്ച് ഒരു വെപ്പാട്ടിയിൽ യജമാനന് സന്താനം ലഭിച്ചു കഴിഞ്ഞാൽ, പിന്നെ അവളെ ഒരു അടിമയെപ്പോലെ കൈമാറ്റം ചെയ്യാൻ പാടില്ല. അയാളുടെ മരണത്തോടെ അവൾ സ്വതന്ത്ര സ്ത്രീയായി മാറുന്നു. അവളുടെ സന്താനങ്ങൾ സ്വതന്ത്രരായിരിക്കുമെന്ന് മാത്രമല്ല, കുടുംബത്തിൽ തുല്യമായ അവകാശാധികാരങ്ങൾ ഉള്ളവർ കൂടിയായിരിക്കും. അടിമത്തത്തിന്റെ ഒരു തലമുറ അവിടെവെച്ചവസാനിക്കുന്നു.

യഥാർഥത്തിൽ വിശുദ്ധ ക്വുർആൻ സൂക്ഷ്മ പരിശോ

ധനക്ക് വിധേയമാക്കിയാൽ യുക്തിവിരുദ്ധമോ അപ്രായോഗികമോ ആയ യാതൊരു വിശ്വാസാചാരങ്ങളും അതനുശാസിക്കുന്നില്ലെന്ന് വ്യക്തമാകുന്നതാണ്.

## സത്യത്തിൻെറ വിളക്കുമാടം

മുഴുവൻ മനുഷ്യരുടെയും നന്മക്കും
ഇഹലോകത്തെയും പരലോകത്തെയും വിജയത്തിനുമായി
പ്രപഞ്ചനാഥൻ നൽകിയ സന്ദേശമാണ് ഇസ്‌ലാം.
ഇത് പിന്തുടരേണ്ടത് മനുഷ്യരുടെ ബാധ്യതയാണ്.
രക്ഷയിലേക്കും സമാധാനത്തിലേക്കും
ശാന്തിയിലേക്കുമാണത് ക്ഷണിക്കുന്നത്.
പരലോക വിജയമാണതിൻെറ ലക്ഷ്യം.
അതിനായി,
ഏകനായ അല്ലാഹുവെ മാത്രം ആരാധിക്കുക
അവൻ മുഹമ്മദ് നബിﷺയിലൂടെ നൽകിയ സന്ദേശം
പിന്തുടരുക.
ഈ സത്യത്തിലേക്ക് എല്ലാവരെയും ക്ഷണിക്കുന്നു.
ബന്ധപ്പെടുക:


**NICHE OF TRUTH**

**P.B. N0: 832, Poothole, Thrissur-4.**

**Tel: 9746547777**

**Email:dawa@nicheoftruth.org**

**www.nicheoftruth.org**